കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മരുതോങ്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:............................................…

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.10/2078/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ -0495 2371012
ഇ-മെയിൽ -dokkd.ksad@kerala.gov.in

തീയതി.09.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

**മരുതോങ്കര** ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **മരുതോങ്കര** ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര **മരുതോങ്കര** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.കെ.ഡി.പി10/2078/2019 തിയ്യതി: 09.01.2020

**കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ **മരുതോങ്കര** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 13.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.2019 മുതൽ 21.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കരുണാകരൻ. എം,ഓഡിറ്റ് ഓഫീസർ . |
| | സതീഷ് കുമാർ .സി.പി, അസി.ഓഡിറ്റ് ഓഫീസർ |
| | രാമദാസ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | വിജേഷ്.കെ.കെ.,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.എം.സതി | 01-04-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ചന്ദ്രൻ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | രമ്യാ രാജൻ | 01.04.2018 മുതൽ 02.10.2018 വരെ |
| | ലെനിന.എൻ.കെ | 03.10.2018 മുതൽ 06.03.2019 വരെ |
| | അബ്ദുൾ ബഷീർ.കെ.കെ | 07.03.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി. | റോബർട്ട്.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ. | ഡോ.ജ്യോതിസ്.വി.പി | 01.04.2018 മുതൽ .31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | ഡോ.ഇ.വി.ആനന്ദൻ | 01.04.2018 മുതൽ .31-03-2019 വരെ |
| അസി.എഞ്ചിനീയർ. | സാം ജോഷോ | 01.04.2018 മുതൽ .05.03.2019 വരെ |
| | അശ്വിനി എ ആർ | 06.03.2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബേബി രസ്ന | 01-04-2018 മുതൽ 31-03-2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ. | നീതുവർഗീസ് | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | പ്രീത് കുമാർ | 01.04.2018 മുതൽ .31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | വി.സി.ശശി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മുഹമ്മദ് നവാസ് | 01.04.2018 മുതൽ 31.03.2019 വരെ |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഭരണസമിതിയുടെ 20/03/2018 തീയതിയിലെ 15(1)/18 നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പുതുക്കിയ തീരുമാനം നം 1/1(06/02/2019)

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 23/07/2019 | - | |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13999739 | 13999739 | 13358502 | 641237 | 95.41 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1784000 | 1784000 | 1216182 | 567818 | 68.17 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 371000 | 371000 | 352400 | 18600 | 94.98 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9837000 | 9837000 | 7361248 | 2475752 | 74.8 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2866000 | 2866000 | 2590673 | 275327 | 90.39 |
| 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 6497000 | 6497000 | 5695871 | 801129 | 87.66 |
| ബി ഫണ്ട് | 0 | 34812080 | 34812080 | 34812080 | - | 100 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | | 132 | | 0 | 62 | 68.04 |

പ്രൊജക്ടുകളുടെ നടത്തിപ്പിനായി മൊത്തം 91299618/- രൂപ വകയിരുത്തിയതിൽ 52857623/- രൂപ മാത്രമേ സാമ്പത്തികവർഷത്തിൽ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുകയുടെ 57.8 ശതമാനം മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്.

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/09/2019 | 08/2019 | ലഭ്യമായിട്ടില്ല. |

## 1-6 വാർഷിക കണക്കിലെ അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. പ്രോപ്പർട്ടി ടാകസ് ഡി.സി.ബി രജിസ്റ്റർ,മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. പഞ്ചായത്തിന്റെ ട്രഷറി വി.പി.എഫ്.എ.III-6 ൽ 538624/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. മേൽ തുകയുടെ ആധികാരികത ലഭ്യമല്ല. 23.05.2002 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും നടന്നതായി കാണുന്നില്ല.
3. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഇത്തരത്തിൽ 2 ചെക്കുകളിലായി 2500/- രൂപ പ്രസ്തുത ശീർഷകത്തിലേയ്ക്ക് മാറ്റാനുണ്ട്.
4. ജില്ല-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ , സർക്കാരിൽ നിന്നും മറ്റും ലഭിച്ച ഗ്രാന്റുകൾ എന്നിവയുടെ വരവ്-വിനിയോഗം എന്നിവ കാണിക്കുന്ന എ.സി.ആർ പഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ ഈയിനങ്ങളിലുള്ള വരവ്,ചെലവ്,നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
5. തൊഴിൽ രഹിത വേതനം ഇനത്തിൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം വരവ്-ചെലവ് 198520/- രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് -ചെലവ് 198880/- രൂപയാണ്.
6. ബാലൻസ് ഷീറ്റ് പ്രകാരം 1936005/- രൂപ സ്റ്റോക്ക് ഇൻ ഹാൻഡ് കാണിച്ചിട്ടുണ്ട്(ബി-14).എന്നാൽ

സ്ഥാപനത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
8. 2017-18 ലെ പ്രോപ്പർട്ടി ടാക്സ് ഇനത്തിലെ അഡ്വാൻസ് കളക്ഷൻ 432815/- രൂപയാണ്. 2018-19 ലെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക 78962/- രൂപയും അഡ്വാൻസ് ഇനത്തിൽ കളക്ഷൻ തുക33865/- രൂപയുമാണ്. ബുക്ക് അഡ്ജസ്റ്റ്മെന്റിന് ശേഷം 2018-19 ൽ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ ലഭിക്കേണ്ട ബാലൻസ് തുക 387718/- രൂപയാണ്. എന്നാൽ 2018-19 ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ-ബി-9 പ്രകാരം ബാലൻസ് തുക 581312/- രൂപയാണ്. 193594/- രൂപയുടെ വ്യത്യാസം നില നില്ക്കുന്നു.
9. വാർഷിക കണക്ക് പ്രകാരം സ്ഥിരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എത്ര ശതമാനമാണെന്നോ ആസ്തികളുടെ ബുക്ക് വാല്യൂ എത്രയാണെന്നോ സംബന്ധിച്ച് വിവരങ്ങളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.
10. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട എക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
11. തൻവർഷ കുടിശ്ശിക തുകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ എക്കൌണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. വസ്തുനികുതി നിർണ്ണയത്തിൽ, 5മീറ്റർ കൂടുതൽ വീതിയുള്ള റോഡിൽനിന്നും വഴിസൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്താതെയും നികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പുവരുത്തുന്നതിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.
2. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
3. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

4. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ തയ്യാറാക്കിയിട്ടില്ലെന്ന് കാണുന്നു. ഓരോ വർഷവും മാർച്ച് ആദ്യവാരത്തിനു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു.
5. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
6. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.
7. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
8. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-8 ഡി & ഓ ലൈസൻസ് അപാകതകൾ

പഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിൽ 2018-19 ൽ വേക്കൻസി റമിഷൻ നൽകിയിട്ടില്ല. പഞ്ചായത്തിൽ 31/03/2019തീയതിയിൽ 1156 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ഉള്ളതായി ഓഡിറ്റ് എൻക്വയറി "1എ" യ്ക്കുള്ള മറുപടിയിൽ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 2018-19 ൽ ആകെ അനുവദിച്ച 188 ഡി & ഒ ലൈസൻസുകൾ 238 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ബാക്കിയുള്ള 918 കെട്ടിടങ്ങളിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാട്ടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്

**ഡി&ഓ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്ത സ്ഥാപനങ്ങളുടെ ഫാക്ടറീസ് & ബോയിലേഴ്സ് അനുമതിപത്രം ലഭ്യമാക്കിയില്ല**

| ക്രമ നം | ഡി&ഒ ലൈസൻസ് നം | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | 5 | നെല്ലിക്കുന്ന് ഗ്രാനൈറ്റ്സ് & ക്രഷർ | 10/222A,B |
| 2 | 6 | സ്റ്റോൺ ക്രഷർ | കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| 3 | 2 | സ്റ്റോൺ ക്രഷർ യൂണിറ്റ് - യു.എൽ.സി.സി | 10/121 |
| 4 | 1 | കരിങ്കൽ ക്വോറി- യു.എൽ.സി.സി | കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 3 | ഡ്രം മിക്സ് പ്ലാന്റ്, യു.എൽ.സി.സി | 10/123A |
| 6 | 7 | മംഗലശ്ശേരി ഗ്രാനൈറ്റ് | കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല |

അപാകതയ്ക്ക് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-9 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കിയില്ല

ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻടാക്സ് രജിസ്റ്റർ പ്രകാരം2018-19 വർഷം 175 സ്ഥാപനങ്ങളിൽ നിന്നായി 115560/- രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.സഞ്ചയ പ്രകാരം 1156 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ പഞ്ചായത്തിലുള്ളതായി ഓഡിറ്റ് എൻക്വയറി (01/19 തീയതി 18-12-19) യ്ക്ക് മറുപടി നൽകിയിട്ടുള്ളത്.

എന്നാൽ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി വിശദമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ, ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഡി&ഒ ലൈസൻസ് നം | സ്ഥാപനം | കെട്ടിട നമ്പർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 81 | ബിഗ് മാർക്കറ്റ് | 14/30A | 4 |
| 2 | 88 | എസ്.ആർ പ്രോഡക്റ്റ്സ് അവിൽ മിൽ | 11/57A | 6 |
| 3 | 132 | നെല്ലിക്കുന്ന് ഗ്രാനൈറ്റ്സ് & ക്രഷർ | 10/222D | 16 |
| 4 | 5 | നെല്ലിക്കുന്ന് ഗ്രാനൈറ്റ്സ് & ക്രഷർ | 10/222A,B | 8 |
| 5 | 6 | സ്റ്റോൺ ക്രഷർ | കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 2 | സ്റ്റോൺ ക്രഷർ യൂണിറ്റ് - യു.എൽ.സി.സി | 10/121 | 9 |
| 6 | 1 | കരിങ്കൽ ക്വോറി- യു.എൽ.സി.സി | കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | രേഖപ്പെടുത്തിയിട്ടില്ല. (2019-20 വർഷം 9 പേർ ഉള്ളതായി അപേകഷയിൽ കാണുന്നു) |

| | | | | |
|---|---|---|---|---|
| | | | | |
| 7 | 3 | ഡ്രം മിക്സ് പ്ലാന്റ് | 10/123A | 8 |
| 8 | 7 | മംഗലശ്ശേരി ഗ്രാനൈറ്റ് | കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 6 |

ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അപൂർണ്ണമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡി&ഒ ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയോ എന്ന് വ്യക്തമല്ല. മുകളിൽ കാണിച്ച സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

## 1-10 കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറച്ച് ഈടാക്കുന്നു

2018-19 വർഷം പഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് ഫീയായി 74454/- രൂപയും, ക്രമവൽക്കരണ ഫീയായി പെർമിറ്റ് ഫീയുടെ ഇരട്ടിയായ 93507/- രൂപയുമാണ് അടവാക്കിയിരിക്കുന്നത്. ഒരു വർഷം പെർമിറ്റ് എടുത്ത കെട്ടിടങ്ങൾ ക്രമവല്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടിയും കെട്ടിടനിർമ്മാണ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവല്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്.

ഫീസിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നത് കൂടാതെ നിയമാനുസൃത പെർമിറ്റ് എടുക്കാതെ അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നുണ്ട് എന്നത് ഇതിൽ നിന്നും വ്യക്തമാണ്. വാർഡ് ചുമതലയുള്ള ക്ലർക്ക്മാർ അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതും ഇത് സെക്രട്ടറി നിശ്ചിത ഇടവേളകളിൽ പരിശോധിക്കേണ്ടതുമാണ്. ഇത് പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പാകുന്നില്ല എന്ന് കാണുന്നു.

## 1-11 മുട്ടക്കോഴിയും കൂടും-സബ്സിഡിതുക അധികം നൽകി

പ്രൊജക്ട് നമ്പർ -143/19

നിർവഹണം- വെറ്ററിനറി സർജ്ജൻ

വകയിരുത്തിയതുക -210000 /-(ടി.എസ്.പി)

ചെലവുതുക -25000/- (ബിൽ നമ്പർ 8282 തിയ്യതി 22-3-19 )

ചെലവുതുക -143750/- (ബിൽ നമ്പർ 8305 തിയ്യതി 27-3-19 )

പട്ടികവർഗ്ഗവനിതകൾക്ക് മുട്ടക്കോഴിയും കൂടും പദ്ധതി പ്രകാരം 25പേർക്ക് 10കോഴികളെയും ഒരു കൂടും നൽകുകയുണ്ടായി. ടെണ്ടർനടപടിയിലൂടെ പ്രതിഭ എഗ്ഗർ നഴ്സറി&പൗൾട്രി ഫാമിൽനിന്ന് 5750/-രൂപ വിലയുള്ള 25 കൂടും വാങ്ങി നൽകി. (25x5750=143750)അസിസ്റ്റന്റ് എഞ്ചിനീയരുടെ 5.3.19ലെ വാല്യുവേഷൻ പ്രകാരം ഓരോ കൂടിനും 6000/-രൂപ വില കണക്കാക്കിയിട്ടുണ്ട്. സബ്സിഡി മാർഗനിർദേശപ്രകാരം കൂടിന്റെ വിലയുടെ 25% തുകക്കാണ് ഗുണഭോക്താവിന് അർഹതയുണ്ടായിരുന്നത്. എന്നാൽ കൂടിന്റെ വിലയുടെ 100% സബ്സിഡിയായി അനുവദിക്കുകയാണുണ്ടായത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/19.12.19) ലഭ്യമാക്കിയ മറുപടിയിൽ

സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും അധികമായി ചെലവഴിച്ച തുകയ്ക്ക് ഭരണസമിതി തീരുമാന പ്രകാരം, സാധൂകരണം ലഭിക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. ഭാവിയിൽ സർക്കാർ നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 1-12 കരാറുകാരനിൽനിന്ന് ആദായനികുതി ഈടാക്കിയില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 232/19 നമ്പർ പ്രൊജക്ട് പ്രകാരം ഹരിതസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനായി കരാറെടുത്ത നിറവ് വേങ്ങേരി എന്ന സ്ഥാപനത്തിന് 3,00,000/-രൂപ (വൗച്ചർ നമ്പർ21800842/21.03.19) നൽകിയിരുന്നു. തുക നൽകുമ്പോൾ സ്ഥാപനത്തിൽനിന്നും 2% ആദായനികുതി ഈടാക്കേണ്ടതായിരുന്നെങ്കിലും ഈടാക്കിയതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/19.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഇനത്തിൽ 6000/- രൂപ ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സാനിറ്റേഷൻ ഫണ്ട് ചെലവഴിച്ചതിന് രേഖകൾ ഹാജരാക്കിയില്ല

തനത്ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ താഴെ കാണിച്ച വൗച്ചറുകളിലായി 169500/-രൂപ സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് നൽകിയിരുന്നു. പ്രസ്തുത തുക ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ,തിയ്യതി | തുക |
|---|---|---|
| 1 | 21800050/26.04.18 | 24600 |
| 2 | 21800117/01.06.18 | 30000 |
| 3 | 21800215/30.07.18 | 35950 |
| 4 | 21800939/30.03.19 | 78950 |
| | ആകെ | 169500 |

മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ 75400/-രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. അവശേഷിക്കുന്ന തുകയുടെ വിനിയോഗ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുമ്പോൾ യഥാർത്ഥ വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതും ചെലവുരേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവുതുക 94100/- (169500 - 75400 = 94100) തടസ്സത്തിൽവെക്കുന്നു.

## 1-14 ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് പ്രോത്സാഹനം-പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ- 154/19

വകയിരുത്തിയ തുക- 700000

ചെലവുതുക- 600000(ബിൽ നമ്പർ 1/18-19 തി 26.3.19-20000

നിർവഹണം .- ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരുലിറ്റർ പാലിന് 4 രൂപ പ്രകാരം പരമാവധി ഒരാൾക്ക് 40000 രൂപ സബ്സിഡി അനുവദിക്കുന്ന മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർക്ക് പാൽ സബ്സിഡി ഇനത്തിൽ 6 ലക്ഷം രൂപ സാമ്പത്തികവർഷം വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളായ ക്ഷീരകർഷകർ സംഘങ്ങളിൽ എത്രലിറ്റർ പാൽ അളന്നിട്ടുണ്ടെന്ന സംഘം സെക്രട്ടറിയുടെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾ ക്ഷീരസംഘങ്ങളിൽ സാമ്പത്തികവർഷം പാൽ അളന്നതിന്റെ വിശദാംശം സംഘം സെക്രട്ടറിമാരിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-15 വിവിധ ക്ഷേമ പെൻഷനുകൾ-അപേക്ഷകളും ,അപേക്ഷാ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിൽ സാമ്പത്തികവർഷം ലഭ്യമായ വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകളും, അപേക്ഷാ രജിസ്റ്ററുകളും പരിശോധിച്ചതിൽ രജിസ്റ്ററുകളും, അപേക്ഷകളും കുറ്റമറ്റരീതിയിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. വിവിധ ക്ഷേമപെൻഷനുകളുടെ 15.11.2018 ന് ശേഷം ലഭിച്ച അപേക്ഷകൾ മാത്രമെ രജിസ്റ്ററിൽ ശരിയായ വിധം രേഖപ്പെടുത്തി തുടർ നടപടി വിവരം കാണിച്ചിട്ടുള്ളൂ.ആയതിന് മുമ്പ് ലഭ്യമായ അപേക്ഷകളുടെ തുടർനടപടി വിവരം രേഖപ്പെടുത്തി കാണുന്നില്ല. അതേ പോലെ തന്നെ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷനുകൾക്ക് സാമ്പത്തിക വർഷത്തിൽലഭിച്ച 33അപേക്ഷകളിൽ 15.11.18 ന് ശേഷം ലഭിച്ച 12 അപേക്ഷകളിൽ മാത്രമെ രജിസ്റ്ററിൽ തീരുമാനം കൈകൊണ്ടതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ലഭിച്ച 33 അപേക്ഷകളിൽ 17 എണ്ണം മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. അതേപോലെ തന്നെ വിധവാപെൻഷൻ അപേക്ഷകളിൽ 15/11/18 ശേഷം ലഭിച്ച അപേക്ഷകളിൽ തീരുമാനം കൈകൊണ്ട വിധം രേഖപ്പെടുത്തിയപ്പോൾ 2016 ന് ശേഷം 15.11.18 വരെ ലഭിച്ച 108 അപേക്ഷകളിൽ തീരുമാനംകൈകൊണ്ടതായി രേഖപ്പെടുത്തുകയോ അപേക്ഷകൾ ക്രമത്തിൽ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകളിൽ 15/11/18 ന് മുമ്പ് ലഭിച്ച 67 അപേക്ഷകളിൽ തീരുമാനം കൈകൊണ്ടവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തികാണുന്നില്ല. 2018-19 ൽ ലഭിച്ച കർഷകത്തൊഴിലാളിപെൻഷൻ അപേക്ഷകളിൽ 9 എണ്ണം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വാർദ്ധക്യകാല പെൻഷൻഅപേക്ഷകളിലും ഇത്തരം അപാകതകൾ കാണുന്നു.രജിസ്റ്റർ പരിശോധിച്ചതിൽ 2016 ന് ശേഷം 15-11.18 ന് മുമ്പ് ലഭിച്ച 500 ൽ പരം വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ കൈകൊണ്ടതീരുമാനത്തിന്റെ വിശദവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്ഷേമപെൻഷനുകളുടെ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കാത്തത് സംബന്ധിച്ച് ചർച്ചകൾ നടന്നതായി കാണുന്നില്ല. അപേക്ഷകളും,രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഷെഡ്യൂൾ B4പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 589460 രൂപ ജോയിന്റ് വെഞ്ചർ എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഇനം | അവശേഷിക്കുന്ന തുക |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 489460 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 |
| ആകെ | 589460 |

ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന തുകയിൽ 89460 രൂപ ലൈഫ് ഭവനപദ്ധതിക്കായി സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ്.അവശേഷിക്കുന്ന 400000 രൂപ മാപ്പറ്റക്കുഴി അംഗനവാടി നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകയാണ്. പ്രസ്തുത പ്രവൃത്തി 2018-19 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല.ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന 100000 രൂപ ഏത് സാമ്പത്തിക വർഷത്തിൽ ഏത് പ്രൊജക്ടിനായി ലഭിച്ചു എന്നവിവരം പഞ്ചായത്തിൽ ലഭ്യമല്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കാൻ കൈകൊണ്ട നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടിയിൽ മുപ്പറ്റകുഴി അങ്കണവാടിക്ക് ലഭിച്ച 400000 രൂപ 2019-20 സാമ്പത്തികവർഷത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം തനതുഫണ്ടിലാണ് അവശേഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക,കണക്കുപ്രകാരം 100000 രൂപ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ എകൗണ്ടിലാണ് അവശേഷിക്കുന്നത്.

വിനിയോഗിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് വിഹിതം തിരിച്ചടവാക്കേണ്ടതാണ്.

## 1-17 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷംവരെ 4131 കുടുംബങ്ങളിൽ നിന്നായി 7609പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 2776 കുടുംബങ്ങളിൽ നിന്നായി 3259പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 406പ്രവർത്തികൾക്കായി 159254084 രൂപ വകയിരുത്തിയതിൽ 300 പ്രവർത്തികളിലായി 71233969 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ 300 പ്രവർത്തികളിലൂടെ 211933 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ മുൻവർഷത്തെത് ഉൾപ്പെടെ 59832767രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 1672 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തികവർഷത്തിൽ

നടപ്പിലാക്കിയ പ്രവൃത്തികളിൽ ഒന്നുംതന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല.

## 1-18 S.C വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്. പ്രൊജക്ട് നിർവഹണത്തിൽ അപാകത

പ്രൊജക്ട് നമ്പർ - 156/19

വകയിരുത്തിയ തുക- 570000

ചെലവുതുക- 538200 (ബിൽ നമ്പർ 9/18-19 തി31.1.19, രൂ. 299000

11/18-19 തി18.3.19 89700

14/18-19 തി23.3.19 59800

15/18-19 തി23-3-19 89700

മേൽ പ്രൊജക്ട് പ്രകാരം അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 18 S.C.വിദ്യാർത്ഥികൾക്ക് ടെണ്ടർ നടപടികളിലൂടെബിസയർ പവർ സൊല്യൂഷൻ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ലാപ് ടോപ്പ് കൈപറ്റിയ വിദ്യാർത്ഥികളിൽ ഒരാളായ സുബിൻ രാജ് കെ,കൊളക്കാട്ടിൽ എന്ന വിദ്യാർത്ഥി സ.ഉ.എം.എസ്.22/18 തി 14.2.18 ഖണ്ഡിക7.2.8.പ്രകാരം നിഷ്കർഷിക്കുന്ന പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നത്. യൂണിവേഴ്സിറ്റി പ്രൈവറ്റ് രജിസ്ട്രേഷൻ രേഖമാത്രമെ ടിയാൻ ഹാജരാക്കിയിട്ടുള്ളു.

സാമ്പത്തിക വർഷത്തിൽ ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ ചില വിദ്യാർത്ഥികൾ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദവിവരം താഴെ.

1 അനുശ്രീ.കെ.പി. കുടിൽ പാറ

2 അഞ്ജലി സത്യൻ , ആട്ടശ്ശേരി

3. വിഷ്ണു വി.എസ്. അരിക്കരവയൽ

4 സുബിൻ രാജ് , കൊളക്കാട്ടിൽ

5അശ്വനി.പി.പാറേമ്മൽ

സ.ഉ.എം എസ് നമ്പർ 22/18 തി14.2.18 ഖണ്ഡിക 7.2..8 പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരുതവണ മാത്രമെ ആനുകൂല്യത്തിന് അർഹതയുള്ളൂ. വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നത്.

1സുബിൻരാജ്.കെ കൊളക്കാട്ടിൽ

2.വിഷ്ണു വിഎസ്. അരീക്കര വയൽ

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയും ,ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടു എന്ന് ഉറപ്പുവരുത്താതെയും ആനുകൂല്യം വിതരണം ചെയ്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് സംഭവിച്ച വീഴ്ചയാണ്. പ്രൊജക്ട് മോണിട്ടറിംഗിന് വിധേയമാക്കേണ്ട പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ്,മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വീഴ്ച

വരുത്തിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തതും ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തത് മൂലം വിദ്യാർത്ഥികൾക്ക് അനുവദിച്ച ലാപ് ടോപ്പിന്റെ വില 209300 ( 29900 x7 ) രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വായനശാലകൾക്ക് മൈക്ക് സെറ്റ് നൽകി

പ്രൊജക്ട് നമ്പർ- 233/19

വകയിരുത്തിയ തുക- 90000

ചെലവുതുക- 89900 (order no 245/23-3-19)

നിർവഹണം -ഹെഡ്മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള യുവ ഭാവന ലൈബ്രറി, നവോദയ വായനശാല & ഗ്രന്ഥാലയം കള്ളാട്, ദേശപോഷിണി വായനശാല & ഗ്രന്ഥാലയം എന്നീ മൂന്ന് വായനശാലകൾക്ക് ബിസിനസ് പവർ സൊല്യൂഷൻ കോഴിക്കോട് എന്നസ്ഥാപനത്തിൽ നിന്നും ഓരോ മൈക്ക്സെറ്റുകൾ വീതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/18 തി29.1.18 ഖണ്ഡിക 7.6.11 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള പഞ്ചായത്ത് ലൈബ്രറികൾക്ക് പാശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊജക്ടുകൾ മാത്രമെ ഗ്രാമപഞ്ചായത്തുകൾ ഏറ്റടുക്കാൻ പാടുള്ളൂ. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള മറ്റ് വായനശാലകൾക്കാണ് സാമ്പത്തിക വർഷത്തിൽ മൈക്ക് സെറ്റുകൾ അനുവദിച്ചിരിക്കുന്നത്. വായനശാലകൾക്ക് ലൈബ്രറികൗൺസിലിന്റെ അംഗീകാരം ഉണ്ടോഎന്ന്പോലും വ്യക്തമല്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-20 കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിനു നഷ്ടം സംഭവിച്ചു

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത് .എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 39.22% ആയി കുറഞ്ഞിരുന്നു.പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 2.94 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും , പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് കരാർ ചമച്ചത് കോസ്റ്റ് ഇൻഡക്സ് കുറവായതിന് ശേഷമാണ്. താഴെ പറയുന്ന പ്രവൃത്തികൾക്ക് 1803846/- രൂപ ചെലവഴിച്ചതിൽ 2.94 ശതമാനം അധികം കൂടി ഉൾപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിയ്ക്കേണ്ട നിർവ്വഹണോദ്യോഗസ്ഥനും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കുകയുണ്ടായില്ല.

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | ബിൽ നം. തീയതി | നൽകിയ തുക (42.16% നിരക്കിൽ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 191/19<br>ചീനവേലി എച്ചിലാട്ട് റോഡ് ടാറിംഗ് | 28-2-2018 | 687,618/-<br>(9/30-06-2018) | 687,618 |
| 2 | 185/19 കുരാര നാട്ടുകാണി റോഡ് ടാറിംഗ് | 30-12-2017 | 347,079/-<br>(8/29-06-2018) | 347,079 |
| 3 | 189/19 ചീളുപറമ്പത്ത് പോറ്റക്കര റോഡ് ടാറിംഗ് | 27-12-2017 | 367,820/-<br>(9/29-06-2018) | 367,820 |
| 4 | 180/19 കുരാര നാട്ടുകാണി റോഡ് ടാറിംഗ് | 05-1-2018 | 214,389/-<br>(24/18-08-2018) | 214,389 |
| 5 | 182/19 തെങ്ങക്കല്ലുമ്മൽ കിളയിൽ താഴെ റോഡ് ടാറിംഗ് | 05-1-2018 | 186,940/-<br>(22/17-08-2018) | 186,940 |
| | | | | 18,03,846/- |

ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 3-12-2018നു ശേഷം നാളിതുവരെ യോഗം ചേരുകയുണ്ടായിട്ടില്ല. 2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് കൂടിയതിൽ 2018-19 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം.13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്,വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ തുടർ വർഷങ്ങളിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്. മോണിട്ടറിംഗ് സമിതി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും: പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു.ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4.മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6.വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്.

## 1-23 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ :അപാകതകൾ

1)പ്രവൃത്തി :അംഗൻവാടിക്ക് കുടിവെള്ള പദ്ധതി

പ്രൊജക്ട് നമ്പർ : 175/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 28/28-08-2018, 122,757 /-

കൺവീനർ : സി.അശോകൻ

**എ)** സർക്കുലർ നമ്പർ. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി.13-11-2014 പ്രകാരം പൊതുമരാമത്ത് ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് കമ്മറ്റിക്ക് നൽകേണ്ടത്.ഇതിനായി വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ,നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് ആധികാരികമായ മസ്റ്റർ റോൾ,യന്ത്ര സാമഗ്രികളുടെ വാടക എന്നിവയെ അധികരിച്ച വൌച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി സമർപ്പിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ച് വേണ്ടിയിരുന്നു ബിൽ തുക നൽകാൻ.എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതി വൌച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായിട്ടില്ല.

**ബി)** പ്രവൃത്തിയുടെ ആവശ്യത്തിലേക്കായി കമ്മറ്റി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങി ആ അക്കൌണ്ടിലൂടെ വേണം എല്ലാ വരവു ചെലവുകളും നടത്തേണ്ടത്. എന്നാൽ ഇവിടെ അത്തരത്തിൽ ഒരു അക്കൌണ്ട് തുടങ്ങിയിട്ടില്ല.പ്രവൃത്തിയുടെ ബിൽ തുക നൽകിയത് കൺവീനർ സി.അശോകന്റെ പേരിലുള്ള 40152100102987 (IFS code. KLGB0040152) എന്ന സ്വകാര്യ അക്കൌണ്ട് നമ്പറിലേക്കാണ്.

മേൽ അപാകതകൾ കാരണം 184,755/-രൂപയുടെ (97,011+ 87,744) ചെലവ് തടസ്സത്തിൽ വെക്കുന്നു. ബിൽ തുക കമ്മറ്റികളുടെ അക്കൌണ്ടിലേക്ക് വരവു വന്നുവെന്നും അതിൽ നിന്നുമാണ് കമ്മറ്റിക്ക് ചെലവായ തുകകൾ ചെലവഴിച്ചതെന്നും തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കിയും,ചെലവ് രേഖകൾ പരിശോധിച്ച് കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ചുറപ്പുവരുത്തിയും തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-24 പമ്പ് സെറ്റ് വിതരണം: കൈവശ ഭൂമിയുടെ കൃത്യത ഉറപ്പുവരുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് : പമ്പ് സെറ്റ് വിതരണം

പ്രൊജക്ട് നംപർ : 131/19

ബിൽ നംപർ,തുക : 2/29-12-2018, 47,965/-

: 5/18-03-2019, 21,250/-

: 9/20-03-2019, 20,190/-

**എ)** മേൽ പ്രൊജക്ട് പ്രകാരം, മേൽപറഞ്ഞ ബില്ലുകൾ അനുസരിച്ച് ആകെ 89405/-രൂപ 13 ഗുണഭോക്താക്കൾക്ക് പമ്പ്സെറ്റ് വാങ്ങിയതിന് സബ്സിഡിയായി നൽകിയിട്ടുണ്ട്.ജി.ഒ.(എം.എസ്)നം.22/2018/ത.സ്വ.ഭ.വ തിയ്യതി.14-02-2018 അനുസരിച്ച് ഗുണഭോക്താക്കളുടെ കാർഷികാവശ്യവും സാധ്യതയും സംബന്ധിച്ച് കൃഷിഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്

സബ്സിഡി അനുവദിക്കേണ്ടത്.എന്നാൽ ഇങ്ങനെയൊരു റിപ്പോർട്ട് ഇല്ലാതെയാണ് പമ്പ്സെറ്റിന് സബ്സിഡി നൽകിയിരിക്കുന്നത്.

**ബി)** ബിൽ നമ്പർ 9 പ്രകാരം പമ്പ്സെറ്റ് വാങ്ങിയതിന് 3 പേർക്ക് സബ്സിഡി നൽകിയതിൽ ശ്രീ.നൌഷാദ് എന്ന ഗുണഭോക്താവിന് 8000/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.നൌഷാദിന് കൈവശം കാർഷിക ഭൂമിയുണ്ടെന്നതിന്റെ യാതൊരു രേഖകളും ഹാജരാക്കാതെയാണ് തുക നൽകിയത്.

ഗ്രാമസഭയിലൂടെ തിരഞ്ഞെടുക്കപ്പെട്ട് വരുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുമ്പോൾ നിർവഹണഉദ്യോഗസ്ഥനും വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഗുണഭോക്താക്കൾക്ക് കാർഷിക ഭൂമിയുണ്ടെന്നത് ഉറപ്പാക്കാത്തതിനാലാണ് ഖണ്ഡിക ബി യിലെ അപാകതകൾ സംഭവിച്ചത്. കൈവശ ഭൂമിയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളുടെ അഭാവം കാരണം ശ്രീ.നൌഷാദിന് നൽകിയ 8,000/-രൂപ തടസ്സത്തിൽ വെക്കുന്നു. ശ്രീ.നൌഷാദ് കൈവശം കാർഷിക ഭൂമിയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-25 ലൈഫ് ഭവനപദ്ധതിയിൽ ജനകീയ പങ്കാളിത്തം

അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും പാർപ്പിട സൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമി ഇല്ലാത്ത ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറംമ്പോക്കിലെ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ലൈഫ് മിഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

മറ്റ് ഭവന നിർമ്മാണ പദ്ധതികൾ ഭവനങ്ങൾ നിർമ്മിക്കുന്നതിന് മാത്രം ലക്ഷ്യം വെക്കുമ്പോൾ ലൈഫ് മിഷൻ, ഗുണഭോക്താക്കൾക്ക് സ്വന്തമായി ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക ഇടപെടലുകളുടെ ഭാഗമാകുന്നതിനും ക്ഷേമപദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

വിവിധ പരിശോധന ഘട്ടങ്ങൾ കഴിഞ്ഞ് അർഹരായ 69 ഗുണഭോക്താക്കളാണ് മരുതോങ്കര പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത്. സാമൂഹികവും സാമ്പത്തികവുമായി വളരെ പിന്നോക്കാവസ്ഥയിലുള്ളവരും 28 വിധവകളും ഉൾപ്പെട്ടവരാണ് ഗുണഭോക്താക്കൾ. ഇതിൽ 67 പേർ വീട് നിർമ്മാണം പൂർത്തീകരിക്കുകയും രണ്ട് പേരുടെ വീടിന്റെ പണി അന്തിമഘട്ടത്തിലുമാണ്.

സ്വന്തമായി ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത അതീവദരിദ്രരായ 13 കുടുംബങ്ങള ഭരണസമിതി തെരെഞ്ഞെടുക്കുകയും നാട്ടുകാരുടെയും വിവിധ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സഹായസഹകരണത്തോടെ അധികധനസഹായം ലഭ്യമാക്കി മികച്ചരീതിയിൽ അവർക്ക് വീടിന്റെ പണി പൂർത്തീകരിച്ചുനൽകുകയും ചെയ്തു.ഇത് ലൈഫ് ഭവനപദ്ധതിനിർവ്വഹണത്തിൽ മരുതോങ്കര പഞ്ചായത്തിനെ വേറിട്ട്നിർത്തുന്നു.ലൈഫ് പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കൾക്കും തൊഴിലുറപ്പ് പദ്ധതിയുടെ സഹായമെത്തിക്കുന്നതിലും പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

പദ്ധതിയുടെ മൂന്നാം ഘട്ടവും വളരെനല്ലരീതിയിൽ ആസൂത്രണം ചെയ്തുനടപ്പിലാക്കിവരുകയാണ് പഞ്ചായത്ത്. കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിലുൾപ്പെട്ട ഗ്രാമീണപ്രദേശമായ മരുതോങ്കരക്ക് സാമൂഹിക പിന്നോക്കാവസ്ഥ മറികടക്കുന്നതിനുള്ള വികസനപ്രവർത്തനങ്ങളിൽ ഒരു പൊൻതൂവൽകൂടി നൽകുന്ന പ്രവർത്തനമാണ് ലൈഫ് ഭവനപദ്ധതിനിർവ്വഹണത്തിൽ കാഴ്ച്ചവെച്ചിട്ടുള്ളത്.

## 1-26 ഹരിതം മരുതോങ്കര - ഒരുമയോടെ മികവിലേയ്ക്ക്

ഹരിതകേരള മിഷന്റെ മുഖ്യലക്ഷ്യമായ വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുന്നതിനായി ശുചിത്വമാലിന്യ സംസ്കരണ മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ളതും പ്രായോഗികവുമായ ഒട്ടേറെ പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

2017-18, 2018-19 കാലയളവിൽ ഗ്രാമപഞ്ചായത്ത് ഈ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക |
|---|---|---|
| 1 | തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ 10/17-18 | 30,000 |
| 2 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ 216/17-18 | 2,75,000 |
| 3 | എം.ആർ.എഫ്. വിഹിതം നൽകൽ 238/18 | 12,00,000 |
| 4 | മുള്ളൻ കുന്ന് പൊതു ശൗചാലയത്തിന് മോട്ടോർ വാങ്ങൽ 240/19 | 7,954 |
| 5 | മുള്ളൻ കുന്ന് പൊതു ടോയ്ലറ്റ് വൈദ്യുതീകരണം 98/19 | 44,050 |
| 6 | മുള്ളൻ കുന്ന് പൊതു ടോയ്ലറ്റ് നവീകരണം 200/19 | 1,87,703 |
| 7 | മാലിന്യ സംസ്കരണ പ്ലാന്റ് നവീകരണം 207/19 | 1,54,781 |
| 8 | തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ 116/19 | 96,000 |
| 9 | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ 118/19 | 2,91,000 |
| 10 | മാലിന്യ സംസ്കരണം - വയബിലിറ്റി ഗ്യാപ് ഫണ്ട് 152/19 | 24,000 |
| 11 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ 164/19 | 2,50,000 |
| 12 | അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിന് അയയ്ക്കൽ 232/19 | 3,00,000 |
| 13 | സാനിറ്ററി നാപ്കിൻ വിതരണവും സംസ്കരണവും 136/19 | 99,696 |
| 14 | അങ്കണവാടികൾക്ക് പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റ് 138/19 | 2,62,500 |

മേൽ പ്രൊജക്ടുകളുടെ നടത്തിപ്പിലൂടെയും മറ്റ് സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും ശുചിത്വമേഖലയിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഈ മേഖലയിലെ പ്രവർത്തനം ശ്ലാഘനീയമാണ്. സമൂഹത്തിലെ വിവിധ തുറകളിലുള്ള എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, അദ്ധ്യാപകർ, അങ്കണവാടി വർക്കർമാർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, വ്യാപാരി സംഘടനാ പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പ് പ്രതിനിധികൾ, തോട്ടം തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി വിവിധ യോഗങ്ങൾ സംഘടിപ്പിക്കുന്നതിലും ടൗൺ ശുചീകരണം, ശുചിത്വ ഹർത്താൽ, തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നതിലും കമ്മിറ്റിയുടെ പ്രവർത്തനം എടുത്തു പറയേണ്ടതു തന്നെയാണ്. സീറോ

വേസ്റ്റ് കോഴിക്കോട് എന്ന പദ്ധതിയുമായി സഹകരിച്ച് 18 ലോഡ് അജൈവ മാലിന്യങ്ങൾ ശേഖരിച്ച നിറവ് വേങ്ങേരി എന്ന സ്ഥാപനം വഴി നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ സ്കൂളുകളിലും പരിശോധന നടത്തുകയും ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു.

മരുതോങ്കര പഞ്ചായത്തിലെ ഓരോ വാർഡിലേക്കും 2 അംഗങ്ങളെ വീതം ഉൾപ്പെടുത്തി 14 വാർഡുകളിലായി 28 അംഗ ഹരിതകർമ്മ സേന രൂപീകരിച്ച് 2018 മുതൽ പ്രവർത്തിച്ചു വരുന്നു. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വീടൊന്നിന് 50/- രൂപ വീതം യൂസർ ഫീ ഈടാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ കോതോട് പ്രദേശത്ത് എം.സി.എഫ്. യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. മുള്ളൻ കുന്ന്, മരുതോങ്കര എന്നിവിടങ്ങളിലായി രണ്ട് എം.സി.എഫ്. യൂണിറ്റുകൾ കൂടി ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ പഞ്ചായത്ത് പ്രദേശത്ത് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച എം.ആർ.എഫ്. യൂണിറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഏറെ പ്രയോജനകരമാണ്. ഈ പ്രൊജക്ടിനായി 15 വർഷത്തേയ്ക്ക് സ്ഥലം വിട്ടു നൽകിയും 12 ലക്ഷം രൂപ നൽകിയും പഞ്ചായത്ത് സഹകരിച്ചിട്ടുണ്ട്.

'ഹരിതം മരുതോങ്കര ഒരുമയോടെ മികവിലേയ്ക്ക്' എന്ന സന്ദേശം ഉയർത്തി ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തു കഴിഞ്ഞു. ശുചിത്വ മാലിന്യ സംസ്കരണമേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ടു കൊണ്ടു പോകാൻ ഭരണ സമിതിയും മറ്റ് പ്രവർത്തനസമിതികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ 16.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(39) തീയതി. 02-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 100000 | ലഭ്യമാക്കിയിട്ടില്ല | 0 | 100000 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 400000 | പാലിന് പ്രോൽസാഹനം | 400000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 50000 | പാലിയേറ്റീവ് | 50000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 75000 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 500000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി | 500000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 59500 | നെൽകൃഷി വികസനം | 59500 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 87000 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 87000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 400000 | മുപ്പറിക്കുഴി അംഗൻവാടി കെട്ടിടം | 0 | 400000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1379460 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി | 1290000 | 89460 |
| ജില്ലാപഞ്ചായത്ത് | 2018-19 | 811948 | എക്കൽ കുടിവെള്ള പദ്ധതി | 811948 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനപദ്ധതി 2018-19 | സ.ഉ 67/18 തീ.18/05/2018 | 15080000 | 15080000 | 0 | 0 | 15080000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---:|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 218496 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 218496 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം | 218496 |
| ആകെ | 218496 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---:|
| കെ.ഡി.സി ബാങ്ക്-കുറ്റ്യാടി | 218496 |
| ആകെ | 218496 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 36 | 2003-04 | 11.7 പൊതു പരാമർശങ്ങൾ | മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയില്ല |
| 1998-99 ചെലവ് | 19 | 2003-04 | 11.1 പൊതു പരാമർശങ്ങൾ | എഗ്ഗർ നഴ്സറി യൂണിറ്റ് പൂർത്തിയാക്കിയില്ല |
| | 30 | | | വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 32 | | | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 35 | | | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല |
| 1999-00 | 28 | | 11.7 | കയറുൽപ്പന്ന നിർമ്മാണ പരിശീലനം |
| | 32 | | | വീട് ഓട്ട മേയൽ ചെലവ് വിവരം ലഭ്യമല്ല |
| 2000-01 ഡി.സി.ബി | 1.6 | 2005-06 | 11.7 പൊതു പരാമർശങ്ങൾ | രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് |
| | 2.1 | | | ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72137341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69471307 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1239905 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 143750 | ജ്യോതിസ് .വി.പി, വെറ്റിനറി സർജൻ |
| 1-13 | 94100 | ചന്ദ്രൻ.പി, സെക്രട്ടറി |
| 1-14 | 600000 | മുഹമ്മദ് നവാസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-18 | 209300 | റോബർട്ട്.ടി, അസി. സെക്രട്ടറി |
| 1-23 | 184755 | അസിസ്റ്റന്റ് എഞ്ചിനിയർ,സാം ജോഷോ |
| 1-24 | 8000 | കൃഷി ഓഫീസർ, അബ്ദുൾ ബഷീർ കെ.കെ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | ആദായ നികുതി - 6000 | പ്രദീപ് കുമാർ.പി, വി.ഇ.ഒ. |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം**

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ജ്യോതിസ് .വി.പി, വെറ്റിനറി സർജൻ | ലഭ്യമല്ല | വാണി, പുതുപ്പണം, വടകര |
| ചന്ദ്രൻ.പി, സെക്രട്ടറി | സെക്രട്ടറി, മരുതോങ്കര ഗ്രാമപഞ്ചായത്ത് | പാറക്കൽ, മരുതോങ്കരപി.ഒ,കോഴിക്കോട് |
| അസിസ്റ്റന്റ് എഞ്ചിനിയർ, സാം ജോഷോ | ലഭ്യമല്ല | ഒരിപ്പകാലതറയില്, കരുവട്ടി,അടൂർ, പത്തനംതിട്ട |
| കൃഷി ഓഫീസർ, അബ്ദുൾ ബഷീർ കെ.കെ | ലഭ്യമല്ല | കിഴക്കെ കാഞ്ഞിലോട്ട്, വാകയാട് പി.ഒ, നടുവണ്ണൂർ |
| റോബർട്ട്.ടി, അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | മാതാനിവാസ്,കുടച്ചാൽ.പി.ഒ, വെമറ, തിരുവനന്തപുരം. |
| മുഹമ്മദ് നവാസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | പുല്ലാട്ട് ഹൗസ്, നരിക്കുനി.പി.ഒ, നരിക്കുനി വഴി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(1) dt.13.02.2013 | 1 | 27 |
| 1997-98 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/720/03dt. 14.11.2003 | 8 | 17,19,30,32,34, 35,40,41 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(2) dt.13.02.13 | 8 | 17,19,30,32,34, 35,40,41 |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/721/03 dt. 01.09.05 | 6 | 11, 12(2), 12(3),18,22,28 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(11) dt.24.07.2012 | 7 | 25,26,28,29, 31,32,33 |

| | | | |
|---|---|---|---|
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/1920/12(12) dt.24.07.2012 | 4 | 1-6,2-1,3-2, 3-4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1181/03 dt. 01.09.2005 | 2 | 3-2,3-4 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1182/03 dt. 19.08.2005 | 7 | 8,9,10,11,12 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt.31.03.2009 | 3 | 3-2,3-3,4-1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt.31.03.2009 | 11 | (2-1(1),2-1(2), 2-2,3-1,3-2, 3-3,3-4,3-5, 3-6,3-7(ബി),4-1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി6/1156(1)/09 dt.20.05.2010 | 12 | 3-1,3-2,3-3, 3-4,3-5,3-6(1,2) 3-7,3-8,3-9, 3-10,3-11,4-1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 dt. 20.05.2010 | 11 | 3-1(1), 3-1(2), 3-1(3), 3-1(4),3 B,C, D(1), 3-2, 3-3 ,3-4, 3-1 D (2), 4-7 ഇ |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി6/1156(3)/09 dt.21.05.2010 | 10 | 2-2,3-1,3-2,3-3,3-4,3-5 3-6,3-7,3-8,4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി6/75/11 dt. 08.06.2011 | 22 | (2-1,2-6 മുതൽ 2-12 വരെ,3-1 മുതൽ 3-6 വരെ, 3-7(1-4) |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി6/1136/12 dt. 28.04.2012 | 16 | 2-1,2-4,2-5,3-2,3-3,3-4, 3-5,3-6,3-9,3-10,3-11,3-12, 3-13,3-15,3-18,3-19 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1531(1)/12 dt.01.11.2012 | 14 | 1-2,2-1,3-1മുതൽ3-4 വരെ, 3-6,3-8,3-9,3-10 മുതൽ 3-14 വരെ |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി6/1531(2)/12 dt.15.04.2013 | 23 | (1-1,1-2,2-1(1,2,3,4), 2-1(ബി,സി,ഡി), 2-2,2-3,2-4,2-5,3-1എ,ബി), 3-3,3-4,3-6,3-8,3-10,3-11 3-12,3-13,3-14, 3-15,3-16, 3-17,3-18,3-19(1,2),3-20 |
| 2010-11 &11-12 | എൽ.എഫ്.കെ.കെ.ഡി. പി6/273/13 dt. 25.11.2013 | 26 | (1-5,1-6,2-1(ബി,സി), 2-2(എ-1,2,3,4),2-2(ബി-1,2,3) 2-3,3-1,3-2, 3-4 മുതൽ 3-13 വരെ, 3-14(എ,ബി)3-15,3-16,3-17 3-18,3-19) |
| 2012-13 &13-14 | എൽ.എഫ്.കെ.കെ.ഡി. പി6/16/15 dt. 18.02.2015 | 13 | 2-1,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-10,3-12,3-13 3-14, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി6/1945/2018 dt.22.10.2018 | 17 | 2-1,2-2(1,2),2-3,3-1 മുതൽ 3-7 വരെ,3-10മുതൽ 3-14 വരെ, 4-3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി6/678 /2017തി.03.06.2017 | 13 | 2-1,2-2,3-1മുതൽ 3-8 വരെ 3-12,3-13,3-17) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി .പി6/12/2018 തി.16.02.2018 | 15 | 2-1,2-2(3),2-3(2),2-3(4,5) ,2-4,2-5,3-1(1,2,3), 3-2,3-8,3-9,3-10,3-12) |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി .പി6/926/2019 തി.05.07.2019 | 13 | 1-12(1)(2)(4) (5),2-2(1)എ,2-2(2),2-3(4), 2-5,3-1,3-4,3-5,3-8(1), 3-8(2)(3), 3-10,3-14,3-15(2)(3)(4) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം 1

നം:കെ.എസ്.എ.കെ.കെ.ഡി. പി10/2078 /19 തിയതി:09.01.2020

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-6 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്